ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. DTETVM/9162/2024-C2 (ACA) തീയതി:15-10-2024

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതികം - വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം- അക്കാദമിക് സെക്ഷൻ - ഹാജർകുറവ് മാപ്പാക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1.07.04.2023 തീയതിയിലെ ഈ ഓഫീസിലെ സർക്കുലർ നമ്പർ.C2/9698/DTE
2.27.08.2024 തീയതിയിലെ ഈ ഓഫീസിലെ ഉത്തരവ് നമ്പർ. C2/29613/21/DTE

ഈ വകുപ്പിന് കീഴിലുള്ള പോളിടെക്നിക് കോളേജുകളിൽ 2024 നവംബർ മാസത്തിൽ നടക്കുന്ന (റിവിഷൻ 21- S3/S5) റഗുലർ ഡിപ്ലോമ പരീക്ഷയ്ക്കുള്ള വിദ്യാർഥികളുടെ ഹാജർ കുറവ് മാപ്പാക്കലിനുള്ള അപേക്ഷ റഗുലർ ക്ലാസ്സുകൾ കഴിഞ്ഞാലുടൻ തന്നെ സ്ഥാപനമേധാവി വിദ്യാർഥികളിൽ നിന്നും സ്വീകരിച്ച് ആവശ്യമായ രേഖകൾ സഹിതം ഈ ഓഫീസിലേക്ക് സൂചന (1) പ്രകാരം അയച്ചു തരേണ്ടതാണ്. Condonation ഫീസുകൾ സൂചന (2) പ്രകാരം വിദ്യാർഥികൾ ഒടുക്കേണ്ടതാണ്. സെമസ്റ്റർ S3 വിദ്യാർഥികളുടെ അപേക്ഷ സ്വീകരിക്കുന്നത്തിനുള്ള അവസാന തീയതി **24.10.2024** വൈകുന്നേരം 5 മണി വരെയും, S5 വിദ്യാർഥികളുടെ അപേക്ഷ സ്വീകരിക്കുന്നത്തിനുള്ള അവസാന തീയതി **21.10.2024 വൈകുന്നേരം 5 മണി** വരെയും ആണ് എന്നുള്ള വിവരം എല്ലാ പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽ മാരെയും അറിയിക്കുന്നു. അവസാന തീയതി കഴിഞ്ഞ് വരുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. വിദ്യാർഥികളുടെ അപേക്ഷയും അനുബന്ധ രേഖകളും ട്യൂട്ടർ, HOD, സ്ഥപനമേധാവി എന്നിവർ സൂക്ഷ്മ പരിശോധന നടത്തുകയും ഒപ്പ് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. കൂടാതെ വിദ്യാർഥികൾ സമർപ്പിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് എന്നിവ ട്യൂട്ടർ കൌണ്ടർ സൈൻ ചെയ്യേണ്ടതുമാണ്. രേഖകൾ അയക്കുന്ന തപാലിൽ URGENT-ACADEMIC എന്ന് രേഖപ്പെടുത്തേണ്ടതാണ്.

<u>mail Id: c2dteacademicsection@gmail.com</u>

Seema K N
SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പൽമാർക്കും, ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

Signed by
Seema K N
Date: 15-10-2024 17:21:43

2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി